**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2939** **28-02-2023 - ൽ മറുപടിയ്ക്ക്**

**പൈപ്പുകൾ പൊട്ടുന്നത് മൂലമുള്ള ജലനഷ്ടം ഒഴിവാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | വാട്ടർ അതോറിറ്റിയുടെ പൈപ്പുകൾ പൊട്ടുന്നത് മൂലം വെള്ളം പാഴാവുന്നതും കുടിവെള്ളം ലഭിക്കുന്നതിന് തടസ്സമുണ്ടാവുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | വാട്ടർ അതോറിറ്റിയുടെ പഴകിയ പൈപ്പുകളിൽ പൊട്ടലുകളും ചോർച്ചകളും ഉണ്ടാവുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് സമയബന്ധിത മായി അറ്റകുറ്റപണികൾ നടത്തി ജലവിതരണം പുന:സ്ഥാപിച്ച് വരുന്നുണ്ട്. |
| (ബി) | ഇത് സംബന്ധിച്ച പരാതികൾ പൊതുജനങ്ങൾക്ക് ഓൺലൈനായി രജിസ്റ്റർ ചെയ്യുന്നതിനും അവ സമയബന്ധിതമായി പരിഹരിച്ച വിവരം ഓൺലൈനായി തന്നെ അറിയിക്കുന്നതിനും നടപടി സ്വീകരിക്കുമോ; | (ബി) | കേരള ജല അതോറിറ്റിയുടെ പൊതു പരാതി പരിഹാര സോഫ്റ്റ്‌വെയറായ 'അക്വാലൂം' മുഖേന ബില്ല്, ജലദൗർലഭ്യം, പൈപ്പ് ലൈനിലെ ലീക്ക് മുതലായ പരാതികൾ ജല അതോറിറ്റിയെ അറിയിക്കുന്നതിനും പരാതിയുടെ നിലവിലെ അവസ്ഥ (സ്റ്റാറ്റസ്) പരാതിക്കാരന് അറിയുന്നതിനും സാധ്യമാണ്. ജല അതോറിറ്റിയുടെ Toll free നമ്പർ ആയ 1916, സമൂഹ മാധ്യമങ്ങളായ Facebook, Messenger, Official WhatsApp നമ്പറായ 9495998258 തുടങ്ങി വിവിധ രീതികളിൽ ജല അതോറിറ്റി ഹെഡ് ഓഫീസിലും മറ്റ ഓഫീസുകളിലും ലഭിക്കുന്ന പരാതികൾ, അക്വാലൂം സോഫ്റ്റ്‌വെയറിൽ രജിസ്റ്റർ ചെയ്ത്, ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ അറിയിക്കുകയും പരാതികൾ പരിഹരിച്ച് വരുകയും ചെയ്യുന്നു. |
| (സി) | പൈപ്പുകൾ പൊട്ടുന്നത് മൂലമുണ്ടാകുന്ന ജല നഷ്ടം ഒഴിവാക്കുന്നതിന് ബ്ലൂ ബ്രിഗേഡ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) | ഉണ്ട്. പൈപ്പ് ലീക്കുകൾ റിപ്പയർ ചെയ്യുന്നതിന് "റണ്ണിങ് കോൺട്രാക്ട്" (RC) സിസ്റ്റം ഉപയോഗിച്ചുവരുന്നു. എന്നാൽ ചില സമയങ്ങളിൽ ലീക്ക് അറ്റകുറ്റപണികൾക്ക് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരത്തിലുള്ള സാഹചര്യത്തിൽ അടിയന്തിരമായി അറ്റകുറ്റപ്പണി ചെയ്യുന്നതിലേക്ക് ബ്ലൂ ബ്രിഗേഡ് സംവിധാനം ഉപയോഗപ്പെടുത്താറുണ്ട്. ഒരു പ്ലംബർ/ഫിറ്റർ, വർക്കർമാർ എന്നിവ അടങ്ങുന്നതാണ് ബ്ലൂ ബ്രിഗേഡ് സംവിധാനം. ഇതിന്റെ നേരിട്ടുള്ള നിയന്ത്രണം ഓവർസീയർ / അസിസ്റ്റന്റ് എഞ്ചിനീയർക്കാണ്. നിലവിൽ കേരള |

| | | | |
|---|---|---|---|
| | | | വാട്ടർ അതോറിറ്റിയുടെ എല്ലാ ഡിവിഷൻ ഓഫീസുകളിലും ബ്ലൂ ബ്രിഗേഡ് സംവിധാനം ഒരുക്കിയിട്ടുണ്ട്. പൈപ്പ് ലൈനിലെ അടിയന്തിര അറ്റകുറ്റപ്പണി, വാൽവ് റിപ്പയർ, വാൽവ് നിയന്ത്രണം തുടങ്ങിയ പണികൾ കൺട്രോളിങ് ഓഫീസറുടെ നിർദ്ദേശപ്രകാരം ചെയ്തുവരുന്നു . |

സെക്ഷൻ ഓഫീസർ